ഉത്തരം

മയക്കുമരുന്നു കേസിൽ ശിക്ഷിക്കപ്പെട്ട തടവുകാർക്ക് പരോൾ അനുവദിക്കുന്നത് സംബന്ധിച്ച മനുഷ്യാവകാശ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടില്ലെങ്കിലും കമ്മീഷൻ മുഖേന ലഭിച്ച ടി ആവശ്യമുന്നയിച്ചുകൊണ്ടുള്ള പരാതികൾ, സുപ്രീംകോടതിവിധി, ജയിൽ എ. ഡി. ജി. പി.-യുടെ റിപ്പോർട്ട്, നിലവിലുള്ള ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായി പരിശോധിക്കുകയും മയക്കുമരുന്നു കേസിൽ ശിക്ഷിക്കപ്പെട്ട തടവുകാർക്ക് പരോൾ നൽകുന്നതിലേക്ക് ബന്ധപ്പെട്ട ജയിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ സർക്കാർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കിംഗ്സ്ലി ഫെർണാണ്ടസിനെതിരെ നിലവിലുള്ള
ക്രിമിനൽ കേസ്

104 [105] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലണ്ടനിൽ നടന്ന ഗ്ലോബൽ ഫെസ്റ്റിവലിന്റെ സംഘാടകരിൽ ഒരാളായ കിംഗ്സ്ലി ഫെർണാണ്ടസിനെതിരെ കേരളത്തിൽ ഏതെങ്കിലും ക്രിമിനൽ കേസ് നിലവിലുണ്ടോ;

(ബി) ഇയാളുടെ കയ്യിൽനിന്നും ഏതെങ്കിലും സർക്കാർ ഉദ്യോഗസ്ഥർ സാമ്പത്തികസഹായം സ്വീകരിച്ച് ലണ്ടൻ ഫെസ്റ്റിവലിൽ പങ്കെടുക്കുകയുണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) പ്രസ്തുത ഫെസ്റ്റിവലിൽ ഏതെല്ലാം ഐ. എ. എസ്. ഉദ്യോഗസ്ഥൻമാരാണ് പങ്കെടുത്തതെന്നും ആരൊക്കെയാണ് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അനുമതി ഇല്ലാതെ ലണ്ടൻ യാത്ര നടത്തിയതെന്നും അറിയിക്കാമോ; ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി & സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly